"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റി (ജിസിഡിഎ) - ഇൻഫോപാർക് മൂന്നാം ഘട്ടം - ലാൻഡ് പൂളിംഗ് നടത്തുന്നതിന് ജിസിഡിഎയ്ക്ക് പ്രത്യേക ചുമതല നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1781/2025/LSGD തീയതി,തിരുവനന്തപുരം, 19-07-2025

---

പരാമർശം:- 1. 18.10.2024-ലെ സ.ഉ (സാധാ) നം.1978/2024/തസ്വഭവ

2. 13.08.2024, 25.06.2025-ലെ വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 7126/PL1/2024/GCDA നമ്പർ കത്ത്

**ഉത്തരവ്**

ഇൻഫോപാർക് മൂന്നാം ഘട്ട പദ്ധതിക്കായി കേരള നഗരഗ്രാമാസൂത്രണ ആക്ട് 2016 ചട്ടം 56 പ്രകാരം എറണാകുളം ജില്ലയിലെ കിഴക്കമ്പലത്ത് 300 ഏക്കർ സ്ഥലത്ത് ലാൻഡ് പൂളിംഗ് നടത്തുന്നതിന് വിശാല കൊച്ചി വികസന അതോറിറ്റിയെ പരാമർശം (1) പ്രകാരം ചുമതലപ്പെടുത്തി ഉത്തരവായിരുന്നു.

2) ഇൻഫോപാർക് മൂന്നാം ഘട്ട പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്ന സ്ഥലം ജിസിഡിഎ-യുടെ അധികാരപരിധിയ്ക്ക് പുറത്തുവരുന്ന കിഴക്കമ്പലം പഞ്ചായത്തിൽ ഉൾപ്പെട്ടതാണെന്നും, പരാമർശം (1) ഉത്തരവ് പ്രകാരം ടി പഞ്ചായത്തിൽ land pooling നടപടികൾ സ്വീകരിക്കുവാൻ അതോറിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും, ഈ സാഹചര്യത്തിൽ, വിശാല കൊച്ചി വികസന അതോറിറ്റിയുടെ അധികാരപരിധിയ്ക്ക് പുറത്തുവരുന്ന സ്ഥലം ലാൻഡ് പൂളിംഗ് നടത്തുന്നതിന് വിശാല കൊച്ചി വികസന അതോറിറ്റിയ്ക്ക് പ്രത്യേക ചുമതല നൽകി ഉത്തരവാകണമെന്നു പരാമർശം (2) പ്രകാരം ജിസിഡിഎ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഇൻഫോപാർക് മൂന്നാം ഘട്ട പദ്ധതിക്കായി എറണാകുളം ജില്ലയിലെ കിഴക്കമ്പലത്ത് 300 ഏക്കർ സ്ഥലത്ത് ലാൻഡ് പൂളിംഗ് നടത്തുന്നതിന് കേരള നഗരഗ്രാമാസൂത്രണ ആക്ട് 2016 വകുപ്പ് 71 പ്രകാരം വിശാല കൊച്ചി വികസന അതോറിറ്റിയ്ക്ക് പ്രത്യേക ചുമതല നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഇൻഫോപാർക്ക്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

നിയമ (ഉപദേശ-ഡി) വകുപ്പ് (23/04/2025-ലെ OPN-D3/64/2025-LAW പ്രകാരം)

ഇലക്ട്രോണിക്സ് വിവര സാങ്കേതിക വിദ്യ (എ) വകുപ്പ്

വെബ് & ന്യൂമീഡിയ വകുപ്പ്

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (IA3/99/2024/LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G.C
സെക്ഷൻ ഓഫീസർ
Date: 19-07-2025 12:50:59